*⇨ പ്രസംഗിക്കാൻ മാത്രമല്ല, അത് നടപ്പാക്കാനും ശേഷിയുള്ള വേന്തരനാണ് തലപ്പത്തിരിക്കുന്നത് ⇨*

# ഇന്ദ്രനും ചന്ദ്രനും തടയാനാകാത്ത വേന്തരൻ*

'ഇന്ത്രനും ചന്ത്രനും എന്നെ തടുക്കാനാവില്ല' എന്ന് കർണ്ണാടകത്തിൽ പോയി പ്രസംഗിക്കാൻ മാത്രമല്ല, അത് നടപ്പാക്കാനും ശേഷിയുള്ള വേന്തരനാണ് മന്ത്രിസഭയുടെ തലപ്പത്തിരിക്കുന്നത് എന്ന് 'ഓർത്തോളണം'....

**എസ്. നാരായണൻ**

**അയാൾ** ചരിത്രപുരുഷനാകാനുള്ള പടയൊരുക്കത്തിലാണ്. അതിനുള്ള ഒരുക്കങ്ങൾ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ആരു വിചാരിച്ചാലും അയാളെ അതിൽ നിന്നും പിൻതിരിപ്പിക്കാനാവില്ല. മുഖ്യമന്ത്രി ആയതുകൊണ്ടാണ് ചില മര്യാദകൾ കാണിക്കേണ്ടിവരുന്നതെന്നും അല്ലായിരുന്നെങ്കിൽ ഇന്ദ്രനും ചന്ദ്രനും തടയാനാവില്ലെന്നും പരസ്യമായി പ്രസംഗിക്കുന്നത് വെറുതെയല്ല. പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജിൽ വച്ച് കൊല്ലപ്പെട്ട ജിഷ്ണു പ്രണോയ് എന്ന വിദ്യാർത്ഥിയുടെ അമ്മയും ബന്ധുക്കളും ഡി.ജി.പി ഓഫീസിന് മുന്നിലെത്തിയപ്പോൾ പോലീസ് മേധാവി അങ്ങോട്ട് ഇറങ്ങിച്ചെന്ന് അവരോട് സംസാരിച്ചിരുന്നെങ്കിൽ ഇന്ന് പോലീസിനെതിരെ സംസാരിക്കുന്നവർ പോലീസിനെ ശ്ലാഘിക്കുമായിരുന്നു എന്നും അതാണ് സാമാന്യബുദ്ധിയുള്ളവർ ചെയ്യേണ്ടിയിരുന്നത് എന്നും ഭരണമുന്നണിയിലെ രണ്ടാമത്തെ കക്ഷിയിലെ നേതാവ് കാനം രാജേന്ദ്രൻ അഭിപ്രായപ്പെടുകയുണ്ടായല്ലോ. സാമാന്യബുദ്ധി എന്ന സാധനം അല്പമെങ്കിലും കാനത്തിന് ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെയൊരു വാചകം പറയുമായിരുന്നില്ല. കാനം രാജേന്ദ്രൻ പറഞ്ഞതുപോലെയാണ് അവിടെ നടന്നിരുന്നത് എങ്കിൽ, അത് ജനാധിപത്യ മര്യാദയുടെയും മനുഷ്യന്റെ അന്തസ്സിനെ മാനിക്കുന്നതിന്റെയും ദീനാനുകമ്പയുടെയും താഴ്ന്ന തലത്തിലേക്ക് വീണുപോകുമായിരുന്നു. മകന്റെ കൊലയ്ക്ക് ഉത്തരവാദികളായവരെ പിടികൂടി നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ മൂന്ന് മാസം കഴിഞ്ഞിട്ടും തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് പോലീസ് ആസ്ഥാനത്ത് വന്ന ആ അമ്മയെ ചവിട്ടുകയും വലിച്ചിഴയ്ക്കുകയും പോലീസ് വണ്ടിയിലിട്ട് അസഭ്യം പറയുകയും ചെയ്തപ്പോൾ പോലീസിന്റെ കർമ്മശേഷി അതിന്റെ ഉയർന്ന തലത്തിലേക്ക് എത്തുകയാണുണ്ടായത്. 'ഇന്ത്രനും ചന്ത്രനും എന്നെ തടുക്കാനാവില്ല' എന്ന് കർണ്ണാടകത്തിൽ പോയി പ്രസംഗിക്കാൻ മാത്രമല്ല, അത് നടപ്പാക്കാനും ശേഷിയുള്ള വേന്തരനാണ് തലപ്പത്തിരിക്കുന്നത് എന്ന് കാനം രാജേന്ദ്രൻ 'ഓർത്തോളണം'. അധികാരിക്കെതിരെ അരിശം തീർക്കാൻ ഒരു പെമ്പിറന്നോൾ ചിലമ്പ് എറിഞ്ഞുടച്ച്, സ്വന്തം മുലപറിച്ചു വലിച്ചെറിഞ്ഞ് മധുരാപുരി തന്നെ ദഹിപ്പിച്ച ചിലപ്പതികാരത്തിലെ കഥ നടന്നത് തൊട്ടടുത്ത സംസ്ഥാനത്താണ് എന്നതും പുരമെരിച്ച് ഓടിവന്ന് കുടിയിരുന്നത് ഈ സംസ്ഥാനത്താണ് എന്നതും ശരിയാംവണ്ണം അറിയാവുന്നവർ ഇവിടെയുണ്ടെന്ന് കൂടി ആ സ്ത്രീക്ക് വേണ്ടി വാദിക്കുന്നവർ 'ഓർത്തോളണം'.

*** വേന്തരൻ** – 1. കടുത്ത വിഷമുള്ള പാമ്പുകളിൽ ഒരിനം. 2. എത്ര കൊടിയ ദ്രോഹകൃത്യവും വിദഗ്ധമായി ആസൂത്രണം ചെയ്ത് നടത്തുന്ന പരമദുഷ്ടൻ. *(ശബ്ദതാരാവലി–ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള).*


ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ അറുപതാം വാർഷികം ആഘോഷിക്കുന്ന ദിവസം തന്നെ ഇത്തരത്തിൽ ഒരു സംഭവം നടക്കണമെന്ന് അയാൾക്ക് നിർബന്ധമുണ്ട്. എങ്കിലേ ചരിത്രത്തിൽ ഇടം പിടിക്കാനാകൂ. കേരളത്തിലെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ലോകചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതാണ്. സഖാവ് കൃഷ്ണപിള്ളയുടേയോ എ.കെ.ജിയുടേയോ കേളുവേട്ടന്റെയോ ചെയ്തികളുടെ ആവർത്തനമല്ല ഈ അറുപതാം വാർഷികത്തിൽ അയാൾ ലക്ഷ്യമാക്കുന്നത്. ലോകത്തുണ്ടായ കിരാതമായ സ്വേച്ഛാധിപത്യ നടപടികളുടെ പട്ടികയിലേക്ക് കടന്നുകയറുകയും അതിൽ ഒന്നാം സ്ഥാനം അലങ്കരിക്കുകയും ചെയ്ത് ചരിത്രപുരുഷനാവുകയുമാണ് അയാളുടെ ഉന്നം. അതിനുള്ള നടപടികളാണ് ജനങ്ങളുടെ കൺമുന്നിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്.

ഗുജറാത്തിലെ നരഹത്യയുടെ കാലത്ത്, ആ കലാപത്തിന്റെ പ്രതീകമായി പത്രങ്ങൾ പ്രസിദ്ധീകരിച്ചത് ജീവന് വേണ്ടി തൊഴുകൈകളോടെ കരഞ്ഞുയാചിക്കുന്ന കുത്ത്ബുദ്ദീൻ അൻസാരിയുടെ ചിത്രമായിരുന്നു. അന്ന് മുഖ്യമന്ത്രിയായിരുന്ന മോദിക്ക് ലോക ഫാസിസ്റ്റ് ക്ലബിൽ അംഗത്വം നേടിക്കൊടുത്ത ചിത്രമാണത്. കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോൾ കരുണാകരന് രാജൻ കേസിലുടെയും കക്കയം ക്യാമ്പിലൂടെയും പതിനൊന്നുകാരിയായ സിറാജുന്നീസയെ വെടിവച്ചുകൊന്നതിലൂടെയും ആ ലിസ്റ്റിൽ ഇടം പിടിക്കാനായി. രണ്ട് മാവോയിസ്റ്റ് പ്രവർത്തകരെ ഉറങ്ങിക്കിടക്കുമ്പോൾ നിലമ്പൂരിൽ വച്ച് വെടിവച്ച് കൊന്നതിനെ തുടർന്ന്, ശവസംസ്കാരത്തിന് വേണ്ടി ജഡം കൊണ്ടുപോകുമ്പോൾ, കൊല്ലപ്പെട്ടയാളുടെ സഹോദരനെ ജഡത്തിനടുത്ത് വച്ച് പരസ്യമായി ഒരു പോലീസ് ഓഫീസർ കോളറിൽ പിടിച്ചുവലിക്കുന്ന ചിത്രം ഫാസിസത്തെ കുറിച്ചുള്ള ഏത് കാലത്ത് നടക്കുന്ന ആലോചനകളിലും സ്മരിക്കപ്പെടും. പുലിമുരുകൻ എന്ന സിനിമ 150 കോടി ക്ലബിൽ ഇടംനേടി എന്നൊക്കെ പറയുന്നതുപോലെ ഈ ഒറ്റ ചിത്രത്തോടെ ലോക ഫാസിസ്റ്റുകളുടെ നിരയിൽ ചെറുതല്ലാത്ത സ്ഥാനം അയാൾ നേടിയെടുത്തു. ഒരുതരത്തിലും ന്യായീകരിക്കാനാകാത്ത ഈ കൊല കേരളത്തിൽ ചർച്ചചെയ്യപ്പെടുമ്പോൾ, പോലീസുകാരുടെ ആത്മവീര്യം സംരക്ഷിക്കുന്നതിനെക്കുറിച്ചാണ് അയാൾ പിറ്റേ ദിവസം പോലീസ് സമ്മേളനത്തിൽ പ്രസംഗിച്ചത്.

ഈ നിഷ്ഠൂരത, ടി.പി. ചന്ദ്രശേഖരൻ 52 വെട്ട് ഏറ്റുവാങ്ങി കൊല്ലപ്പെട്ടപ്പോഴും കേരളം കണ്ടതാണ്. കേരളത്തിന്റെ മനസ്സാക്ഷിക്ക് ഏറ്റ മുറിവ് ഉണങ്ങുന്നതിന് മുമ്പ് വന്ന പ്രതികരണം ഇങ്ങനെയായിരുന്നു, 'കുലംകുത്തി എന്നും കുലംകുത്തി തന്നെയാണ്'. ആ നിലവാരത്തിലല്ലാത്ത ഒരു ഭാഷ അതിന് ശേഷവും കേരളം അയാളിൽ നിന്നും കേട്ടിട്ടില്ല. അതിന്റെ അലയൊലികൾ, പത്രാധിപരെ 'എടോ, ഗോപാലകൃഷ്ണാ...' എന്ന് വിളിക്കുമ്പോഴും മതമേലധ്യക്ഷനെ നികൃഷ്ടജീവിയെന്നും സഹപ്രവർത്തകനായിരുന്നയാളെ പരനാറിയെന്നും സംബോധന ചെയ്യുമ്പോഴും പാർട്ടി സമ്മേളനവേദിയിൽ അച്യുതാനന്ദനെ പാർട്ടി പ്രവർത്തകർ മുദ്രാവാക്യം വിളികളോടെ എതിരേൽക്കുമ്പോൾ 'ഇവിടെ നടക്കുന്നത് ഉഷാഉതുപ്പിന്റെ ഗാനമേളയല്ല' എന്ന് വിരട്ടുമ്പോഴും എക്കാലവും മുഴങ്ങിക്കൊണ്ടിരിക്കുന്നു. എല്ലാവരേയും വിരട്ടുന്നയാൾ പക്ഷേ, 'വിരട്ടലൊന്നും ഇങ്ങോട്ടുവേണ്ട' എന്നാണ് ആവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ഒരാൾ ഒരു സ്ഥാനത്ത് എത്തുമ്പോൾ ആരെയാണ് കൂടെ കൂട്ടുന്നത് എന്നത് പ്രധാനമാണ്. കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി വേണമെന്നാണല്ലോ. അൽപ്പം വൈകിയാണെങ്കിലും അങ്ങനെയൊരാൾ മന്ത്രിസഭയിലെത്തി. അതല്ലെങ്കിലും അങ്ങനെയാണ്. ഹാസ്യതാരം തുടക്കത്തിലല്ല, വൈകിയാണ് എത്തുക. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അനുഷ്ഠാനകലയായ മുടിയേറ്റ് കണ്ടിട്ടുള്ളവർ 'കൂളി'യുടെ വരവ് ഓർക്കുന്നുണ്ടാകും. കടിച്ചുപിടിച്ച നാവും കയ്യിൽ വാളുമായി ദാരികന്മാരുടെ തലയറുക്കാൻ വരുന്ന കാളിയുടെ രൗദ്രനൃത്തം കഴിഞ്ഞതിന് ശേഷം അതിനെ ബാലൻസ് ചെയ്യാനെന്നോണം എത്തുന്ന കഥാപാത്രമാണ് കൂളി. വികൃതമായ മുലകൾ മാറത്ത് കെട്ടിവച്ച്, പച്ചിലകൾ വാരിച്ചുറ്റി, കോമാളിത്തം കലർന്ന മുഖത്തെഴുത്തുമായി രംഗത്ത് വരുന്ന കൂളിയുടെ ദൗത്യം കാളിയുടെ പിറകേ നടന്ന് രൗദ്രഭാവത്തെ അനുകരിച്ച് കാണിച്ച് സദസ്യരെ ചിരിപ്പിക്കുകയാണ്. മന്ത്രിസഭയിൽ വിദ്യുച്ഛക്തി വകുപ്പ് ഏറ്റെടുത്ത ഇദ്ദേഹത്തിന്റെ ചരിത്രം ലോകം മുമ്പേ അറിഞ്ഞിരുന്നെങ്കിൽ ഈദി അമീന്റെ സ്ഥാനം രണ്ടാമതായി പോകുമായിരുന്നു. ഇടുക്കി പോലൊരു പ്രദേശത്തായതുകൊണ്ടാണ് അദ്ദേഹം ലോകചരിത്രത്തിന്റെ ഭാഗമാകാതെ പോയത്. ടി.പി. ചന്ദ്രശേഖരൻ കൊല്ലപ്പെട്ടതിന്റെ അലയൊലികൾ കേരളത്തിൽ ഏറെക്കാലം നിലനിന്നത് അദ്ദേഹത്തിന് മനസ്സിലായിട്ടേ ഇല്ലായിരുന്നു. ഒരെണ്ണത്തിനെ കൊന്നതിനാണോ ഇത്രയൊക്കെ പറയുന്നത് എന്ന സംശയത്തിലായിരുന്നു അദ്ദേഹം എന്നും. "ഞങ്ങൾ കുറേയെണ്ണത്തിനെ കൊന്നിട്ടുണ്ട്. വൺ...ടൂ...ത്രീ ഒന്നിനെ വെടിവച്ചുകൊന്നു, ഒന്നിനെ തല്ലിക്കൊന്നു,






ഒന്നിനെ കുത്തിക്കൊന്നു....” എന്ന് മൈക്കിന് മുന്നിൽ നിന്ന് ചേഷ്ടകൾ കാട്ടി പ്രസംഗിച്ചതോടെയാണ് ഈ പ്രതിഭാസം സംസ്ഥാനം മുഴുവൻ അറിയപ്പെട്ടത്. അതോടെ വച്ചടി കയറ്റമായി. അടുത്ത തെരഞ്ഞെടുപ്പിൽ ജയിച്ച് അസംബ്ലിയിൽ എത്തി. ആരെയും അരിഞ്ഞുതള്ളാൻ പാകത്തിൽ വിഷം വമിക്കുന്ന നാവുള്ള മണിയാശാനെ വെറും എം.എൽ.എ ആയി ഇരുത്തുന്നത് ശരിയല്ലല്ലോ. അതുകൊണ്ട് മന്ത്രി തന്നെയാക്കി. ഉടനെ നാവെടുത്ത് ചുഴറ്റിയത് അതിരപ്പിള്ളിയെ നോക്കിയാണ്. “ഈ കാടുകൊണ്ടൊന്നും വലിയ കാര്യമില്ലന്നേ...” മനുഷ്യനോട് വൺ.. ടൂ...ത്രീ എന്നാണെങ്കിൽ മരത്തിനോട് എന്തായിരിക്കും എന്ന് ആലോചിക്കാവുന്നതേയുള്ളൂ. പച്ചമരത്തോട് ഇങ്ങനെയാണെങ്കിൽ ഉണക്ക മരത്തോട് എങ്ങനെയായിരിക്കും. ‘നമ്മൾ വിവരവും ബുദ്ധിയും ഉണ്ടെന്ന് കരുതുന്ന ഒട്ടേറെ പ്രമുഖരായ ആളുകളും ഈ കാട് നിലനിർത്തണമെന്ന് പറയുന്നതാണ് പുടികിട്ടാത്തത്’ എന്ന അദ്ദേഹത്തിന്റെ പ്രസ്താവനയുണ്ടാക്കിയ പൊട്ടിച്ചിരി പശ്ചിമഘട്ടത്തിൽ തട്ടി ഇപ്പോഴും പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നു. മരംകയറ്റം കഴിഞ്ഞാൽ അദ്ദേഹത്തിന്റെ വിനോദം സ്ത്രീകളുടെ മെക്കിട്ട് കയറുന്നതാണ്. അത് വനിതാ പ്രിൻസിപ്പലായാലും ജിഷ്ണുവിന്റെ അമ്മയായാലും പെമ്പിളൈ ഒരുമക്കാരായാലും പുള്ളിയെ സംബന്ധിച്ച് ‘മറ്റേ പണിക്കാർ’ തന്നെ. പ്രധാന കൂലി മണിയാശാനാണെങ്കിലും ചാനൽ ചർച്ചകളിലേക്ക് നിയോഗിക്കപ്പെട്ടിട്ടുള്ള കൂലികളുടെ ഒരു സംഘം തന്നെയുണ്ട്. കൊല്ലപ്പെട്ട ജിഷ്ണു പ്രണോയിയെക്കുറിച്ചുള്ള ചർച്ചയാണെങ്കിൽ, രണ്ട് മിനിട്ടിനുള്ളിൽ തന്നെ ജിഷ്ണുനാഥ്, വിഷ്ണുനാഥ്, വിഷ്ണു പ്രണോയ്, പ്രണോയ് നാഥ് എന്നൊക്കെ വായിൽ തോന്നുന്ന പോലെ പേരുകൾ ഉച്ചരിച്ചുകൊണ്ടിരിക്കുന്ന ഭാസുരേന്ദ്രബാബുവാണ് ഒരാൾ. ഭാസുരേന്ദ്ര ബാബുവിന്റെ രീതി ആ കുട്ടിയുടെ പേര് ഓർത്തുവയ്ക്കാനുള്ള ആത്മാർത്ഥത പോലും കാണിക്കാതിരിക്കലാണെങ്കിൽ എ. വിജയരാഘവന്റേത് ഏതു ചോദ്യത്തേയും സഹജമായ ആഭാസച്ചിരിയോടെ നേരിടുന്നതാണ്. ആ വഷളൻ ചിരി കാണുമ്പോഴാണ് മണിയാശാനൊക്കെ എത്രയോ ഭേദമെന്ന് മനസ്സിലാവുക. അനേകം കുട്ടിവേന്തരന്മാർ ചാനൽ ചർച്ചകൾ പരിശീലനക്കളരിയാക്കി വളർന്നുവരുന്നുണ്ട്.

‘മഹാത്മ’ എന്ന വാക്ക് 200 വർഷത്തെ ബ്രിട്ടീഷ് ഭരണം തന്നതാണെങ്കിൽ 10 മാസത്തെ പിണറായി ഭരണം തന്ന വാക്കാണ് ‘മഹിജ’ എന്നത്. മകൻ ഇല്ലാതായതിന്റെ ദുഃഖം സഹിച്ചുകഴിയുമ്പോഴും തനിക്കുചുറ്റും നീതിനിഷേധങ്ങളുടെ പ്രവാഹം തുടരുമ്പോഴും മഹിജയിൽ നിന്നും അഹിതമായ ഒരു വാക്കുപോലും വന്നില്ല. അതുകൊണ്ടുകൂടിയാണ് കേരളത്തിന്റെ മനസ്സ് ആ അമ്മയെ ഏറ്റെടുത്തത്. പോലീസുകാരുടെ വലയത്തിൽ നടുറോഡിൽ വീണുകിടന്നപ്പോഴോ വലിച്ചിഴയ്ക്കപ്പെട്ടപ്പോഴോ ചവിട്ടേറ്റപ്പോഴോ അസഭ്യവർഷങ്ങൾ കേട്ടപ്പോഴോ നിരാഹാരം കിടന്ന് അവശയായപ്പോഴോ ‘ഞാൻ അമ്മയാണ്’ എന്ന ഏറ്റവും വീര്യമുള്ള വാക്കുകളാണ് അവർ മുഴക്കിക്കൊണ്ടിരുന്നത്. “18 വർഷം കാറ്റിലുലയാതെ കൈവെള്ളയിൽ സൂക്ഷിച്ച വിളക്കാണ് എനിക്ക് എന്റെ മകൻ. ജഢത്തിൽ മർദ്ദനമേറ്റ പാടുകൾ ഉണ്ടായിരുന്നു എന്ന് എല്ലാവരും പറയുന്നു. എങ്ങിനെയാണ് ആ പാടുകൾ വന്നത്? ഒരു അമ്മയാണ് ചോദിക്കുന്നത്. മറുപടി കിട്ടിയേ തീരൂ...”

അവർ ചോദിച്ചുകൊണ്ടേയിരുന്നു. കമ്മ്യൂണിസ്റ്റ് കുടുംബക്കാരിയായ മഹിജ ജിഷ്ണുവിന്റെ പ്രായമുള്ള കുട്ടികളെല്ലാം തന്റേയും കുട്ടികളാണെന്നു പറയുന്നു. എല്ലാ അമ്മമാരും വിദ്യാർത്ഥികളും ജിഷ്ണുവിന് നീതി കിട്ടാൻ പോരാടണം എന്നാണ് മഹിജ എപ്പോഴും പറഞ്ഞുകൊണ്ടിരുന്നത്. പ്രാർത്ഥിക്കണം എന്നല്ല അവർ പറഞ്ഞത്, പോരാടണം എന്നാണ്. കൈയ്യേറ്റ ഭൂമിയിലെ ഒരു കുരിശ് മറിഞ്ഞുവീഴുന്ന ദൃശ്യം ടി.വിയിൽ കാണുമ്പോഴേക്കും മോഹാലസ്യം വന്ന് കുഴഞ്ഞുവീഴാൻ പോകുന്ന വേന്ദ്രന്മാർക്ക് മഹിജയിൽ നിന്നും ഏറെ പഠിക്കാനുണ്ട്.

ജിഷ്ണു പ്രണോയ് കൊല്ലപ്പെട്ടിട്ട്, ആ കുട്ടി ഇത്രയും കാലം പഠിച്ച നെഹ്റു കോളേജിൽ നിന്നും ഒരു അദ്ധ്യാപകൻ പോലും വീട്ടിലേക്ക് വന്നില്ല എന്ന് പറയുന്നു വീട്ടുകാർ. കോളേജിൽ നിന്ന് ഒരു ഫോൺ കോൾ പോലും ഉണ്ടായില്ല. കേരളം ഭരിക്കുന്ന മുഖ്യമന്ത്രി കോളേജ് നടത്തിപ്പുകാരായ നരാധമന്മാർക്കൊപ്പമല്ല എന്ന് സ്വയം ബോധ്യപ്പെടുത്താനാകാം മുഖ്യമന്ത്രി വീട്ടിലേക്ക് വരണമെന്ന് മഹിജ ഏറെ ആഗ്രഹിച്ചത്. അവർ അത് തുറന്നുപറയുകയും ചെയ്തിരുന്നു. തൊട്ടടുത്തുകൂടി കടന്നുപോയിട്ടും മുഖ്യമന്ത്രി ആ വീട്ടിലേക്ക് എത്തിയതേയില്ല. മുഖ്യമന്ത്രിയെ കാണാൻ കിട്ടില്ലെന്ന് ഉറപ്പായപ്പോൾ അവർ കത്തെഴുതി നോക്കി. മൂന്നാമത്തെ കത്തിന് ഏതോ ഗുമസ്ഥൻ യാന്ത്രിക ഭാഷയിൽ എഴുതിയ മറുപടി കിട്ടി. അതിൽ പ്രധാനമായും ഉണ്ടായിരുന്നത് പത്ത് ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ടല്ലോ എന്നാണ്. ഓഫീസിൽ വച്ച് കാണാതെ കിങ്കരന്മാരെ വിട്ട് കൈകാര്യം ചെയ്യിച്ചതിന് ശേഷം ആശുപത്രിയിൽ എത്തപ്പെട്ട മഹിജയെ പോലീസ് മേധാവി പോലും അവിടെച്ചെന്ന് കാണാൻ തയ്യാറായി. കാണാൻ വരുന്നവരെ തൊഴിച്ചിട്ട ശേഷം ആശുപത്രിയിൽ ചെന്ന് കാണുന്നത് പോലീസിന്റെ രീതിയായിരിക്കാം. മഹിജയെ ആശുപത്രിയിൽ പോയി കാണുന്നുണ്ടോ എന്ന പത്രക്കാരുടെ ആവർത്തിച്ചുള്ള ചോദ്യത്തിന് ഇല്ലെന്ന് തന്നെയായിരുന്നു മുഖ്യമന്ത്രി കൊടുത്ത മറുപടി. ജനങ്ങൾ തെരഞ്ഞെടുത്ത ഒരു ഭരണാധികാരി പോലീസ് മാനുവലിലെ മനുഷ്യത്വം പോലും ഉൾക്കൊള്ളാൻ തയ്യാറാകുന്നില്ല എന്നതാണ് കേരളം തലയിലേറ്റിയ ദുര്യോഗം.

വാളകത്ത് നിന്നും വാളയാറിൽ നിന്നും ഏരുമപ്പെട്ടിയിൽ നിന്നും തിരുവനന്തപുരത്ത് നിന്നും അമ്മമാരുടെ വിലാപം ഉയർന്നുകൊണ്ടിരിക്കുന്നു. എല്ലാ വിലാപങ്ങളും പോലീസിന് എതിരെയാണ് എന്നതാണ് അതിന്റെ സമാനത. 'പോലീസിന് വീഴ്ച പറ്റി' എന്ന സമാനമായ മറുപടിയാണ് എല്ലായിടത്തും കിട്ടിക്കൊണ്ടിരിക്കുന്നത്. പോലീസിന് വീഴ്ചപറ്റി എന്ന് പറയുന്നത് അടവുമാത്രമാണ്. രണ്ട് ദിവസം കഴിഞ്ഞാൽ പറയുക 'പോലീസിനെ വളഞ്ഞിട്ട് ആക്രമിക്കാൻ ആരെയും അനുവദിക്കില്ല' എന്നാണ്. മഹിജയേയും ബന്ധുക്കളേയും പോലീസ് വളഞ്ഞിട്ട് ആക്രമിക്കുന്നത് കണ്ടിട്ടുള്ളവർ, അങ്ങനെയല്ല നേരെ മറിച്ചാണ് സംഭവിച്ചിട്ടുള്ളത് എന്ന് 'മനസ്സിലാക്കിക്കോളണം'. പോലീസ് അതിക്രമമുണ്ടായി എന്ന് ആരോപണമുണ്ടെങ്കിൽ അത് അന്വേഷിക്കും. ആ ആക്രമണത്തിൽ ഏറ്റവും നിഷ്ഠൂരമായ പങ്കുവഹിച്ചെന്ന് നിങ്ങൾക്ക് ഉറപ്പുള്ള ഐ.ജി തന്നെയായിരിക്കും അന്വേഷണ സംഘത്തിന്റെ തലവൻ. ഒരു ബലപ്രയോഗവും ഉണ്ടായിട്ടില്ല എന്നുതന്നെയായിരിക്കും അന്വേഷണ റിപ്പോർട്ട്. ആ റിപ്പോർട്ട് പക്ഷേ, നിങ്ങൾ 'വിശ്വസിച്ചോളണം'.

കൊല്ലപ്പെട്ട ജിഷ്ണുവിന്റെ അമ്മയോടോ ബന്ധുക്കളോടോ ഉള്ള സമീപനമല്ല പോലീസിന് അതിന് ഇടവരുത്തി എന്ന് സമൂഹം കരുതുന്ന കുറ്റാരോപിതരോടുള്ളത്. അവർക്ക് മുൻകൂർ ജാമ്യം കിട്ടുന്നതരത്തിലേ എഫ്.ഐ.ആർ ഇടുകയുള്ളൂ. ശരീരത്തിലേറ്റ മർദ്ദനത്തിന്റെ പാടുകളൊന്നും തന്നെ പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ ഉണ്ടാവുകയില്ല. 'തെളിവുകൾ ഹാജരാക്കിയിരുന്നെങ്കിൽ ജീവിതകാലം മുഴുവൻ ജയിലിൽ കിടക്കേണ്ടി വരുന്ന കുറ്റമാണ്' എന്ന് സുപ്രീംകോടതിക്ക് പോലും കൃഷ്ണദാസിനെ വിട്ടുകൊണ്ട് നിസ്സഹായതയോടെ പറയേണ്ടിവന്ന വിധത്തിലാണ് പോലീസ് പ്രാഥമികാന്വേഷണം നടത്തിയത്. 'നിങ്ങൾക്ക് നിങ്ങളുടെ മക്കളുടെ ജഡം മോർച്ചറിയിൽ നിന്നും കൊണ്ടുപോകേണ്ടിവരും. അതി

കൊല്ലപ്പെട്ട ജിഷ്ണുവിന്റെ അമ്മയോടോ ബന്ധുക്കളോടോ ഉള്ള സമീപനമല്ല പോലീസിന് അതിന് ഇടവരുത്തി എന്ന് സമൂഹം കരുതുന്ന കുറ്റാരോപിതരോടുള്ളത്. അവർക്ക് മുൻകൂർ ജാമ്യം കിട്ടുന്നതരത്തിലേ എഫ്.ഐ.ആർ ഇടുകയുള്ളൂ. ശരീരത്തിലേറ്റ മർദ്ദനത്തിന്റെ പാടുകളൊന്നും തന്നെ പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ ഉണ്ടാവുകയില്ല. 'തെളിവുകൾ ഹാജരാക്കിയിരുന്നെങ്കിൽ ജീവിതകാലം മുഴുവൻ ജയിലിൽ കിടക്കേണ്ടി വരുന്ന കുറ്റമാണ്” എന്ന് സുപ്രീംകോടതിക്ക് പോലും കൃഷ്ണദാസിനെ വിട്ടുകൊണ്ട് നിസ്സഹായതയോടെ പറയേണ്ടിവന്ന വിധത്തിലാണ് പോലീസ് പ്രാഥമികാന്വേഷണം നടത്തിയത്.



നുള്ള സമ്പത്തും സ്വാധീനവും എനിക്കുണ്ട്' എന്ന് മാതാപിതാക്കളെ കോളേജിൽ വിളിച്ചു വരുത്തി ഭീഷണിപ്പെടുത്താൻ കോളേജ് ചെയർമാൻ കൃഷ്ണദാസിന് ജിഷ്ണു പ്രണോയിയുടെ മരണത്തെപ്പറ്റിയുള്ള അന്വേഷണം നടക്കുന്ന ഘട്ടത്തിലും പറയാനാകുന്നു എന്നിടത്തോളം ഉദാരമാണ് സ്വാശ്രയമുതലാളിയോട് പോലീസിന്റെ സമീപനം.

പത്തുവയസ്സുള്ള മകളെ കൊന്ന് കെട്ടിത്തൂക്കിയത് അന്വേഷിച്ച പോലീസ് ശരിയായ വിധത്തിൽ നടപടികളെടുത്തിരുന്നുവെങ്കിൽ തന്റെ രണ്ടാമത്തെ മകൾക്കും അതേഗതി വരില്ലായിരുന്നു എന്ന് പറഞ്ഞ് വിലപിക്കുന്നു വാളയാറിലെ അമ്മ. പന്ത്രണ്ട് വയസ്സുള്ള മന്ദബുദ്ധിയായ മകളെ പീഡിപ്പിച്ചവർക്കെതിരെ പരാതിപ്പെട്ട അമ്മയും മകളും സഞ്ചരിച്ച കാർ പ്രതികളും ബന്ധുക്കളും മുപ്പതോളം വരുന്ന ബി.ജെ.പി പ്രവർത്തകരും ചേർന്ന് തടഞ്ഞുവച്ചത് തൃശൂർ ജില്ലയിലെ എരുമപ്പെട്ടിയിലാണ്. സഹായത്തിന് വേണ്ടി ആ അമ്മ തൊട്ടടുത്തുള്ള സ്റ്റേഷനിലേക്ക് വിളിക്കുന്നു. ഒരു മണിക്കൂർ കഴിഞ്ഞെത്തിയ എ.എസ്.ഐയും സംഘവും കാറിന്റെ ഡോർ തുറന്ന് മകളെ കൈയിൽ പിടിച്ച് വലിച്ചിറക്കുന്നു. എ.എസ്.ഐ അവരോട് ആക്രോശിക്കുന്നു. "നീ മകളേയും ഫീൽഡിൽ ഇറക്കിയോടീ... നിനക്ക് എറണാകുളത്ത് പെൺവാണിഭമല്ലേടീ... ആ കാശുകൊണ്ടല്ലേ കാറുവങ്ങിയത്..." ആ അമ്മ വിതുമ്പിക്കൊണ്ട് പറഞ്ഞ വാക്കുകൾ ഇന്നത്തെ കേരള പോലീസിന്റെ മുഖം വ്യക്തമാക്കുന്നതാണ്. "എങ്ങനെയാണ് ഇത്തരത്തിലായ കുട്ടികൾ ജനൽ കമ്പികളിൽ കെട്ടിത്തൂക്കപ്പെടുന്നതെന്ന് പരാതിപറയാൻ പോയ എനിക്കുണ്ടായ അനുഭവത്തിൽ നിന്ന് മനസ്സിലാകുന്നു."

മഹിജ അക്രമത്തിന് ഇരയായ പരിസരത്ത് ഉണ്ടായതിന്റെ പേരിൽ അറസ്റ്റിലായി ജാമ്യമില്ലാ കുറ്റം ചുമത്തി അകത്താക്കപ്പെട്ട കെ.എം. ഷാജഹാന്റെ അമ്മയും ഇതുതന്നെ പറയുന്നു. "സ്വാതന്ത്ര്യ സമരത്തിലും പുന്നപ്ര-വയലാർ സമരത്തിലും പങ്കെടുത്ത പൂർവ്വികരുള്ള കുടുംബമാണ് ഞങ്ങളുടേത്. പൊതുകാര്യങ്ങളിലുള്ള താത്പര്യം കൊണ്ടായിരിക്കും അവൻ അവിടെ പോയത്. അവനെപ്പിടിച്ച് ഗൂഡാലോചനാക്കുറ്റം ചുമത്തി ജയിലിൽ അടച്ചിരിക്കുകയാണ്. ലാവ്‌ലിൻ കേസിൽ പിണറായി വിജയനെതിരെ നിലപാടെടുത്തതിന്റെ പേരിലുള്ള പകതീർക്കാനാണ് അവനെ പോലീസിനെക്കൊണ്ട് പിടിപ്പിച്ചിരിക്കുന്നത്. അവൻ ഒരു മുഖ്യമന്ത്രിയുടെ അഡീഷണൽ സെക്രട്ടറിയായിരുന്ന ആളാണ്. എനിക്ക് 79 വയസ്സുണ്ട്. കേരളത്തിലുണ്ടായിട്ടുള്ള എല്ലാ ഗവൺമെന്റുകളേയും ഞാൻ കണ്ടിട്ടുണ്ട്. എന്റെ മകന്റെ കാര്യമോർത്ത് ഞാൻ വിറച്ചുകൊണ്ടാണ് ജീവിക്കുന്നത്. ഏറ്റവും ക്രൂരനും നിർദ്ദയനും ആയ ഭരണാധികാരിയാണ് ഇവിടുത്തെ മുഖ്യമന്ത്രി. പക മാത്രമാണ് നടപ്പിലാവുക. ശത്രുവിനെ ഏതുവിധത്തിലും ഇല്ലായ്മ ചെയ്യുന്നയാളാണ്. ഇത്രയും ഡിക്റ്റേറ്റർഷിപ്പ് ചെയ്യുന്ന ഒരാളെ ഞാൻ കണ്ടിട്ടില്ല. ഷാജഹാൻ അകത്ത് കിടക്കുകയാണ്. എനിക്ക് എന്റെ മകന്റെ ശരീരത്തിനോ ആയുസ്സിനോ എന്തുസംഭവിക്കും എന്നതിനെപ്പറ്റി നല്ല പേടിയുണ്ട്."

ഇരയാക്കപ്പെടുന്നവരുടേയോ പൊതുപ്രവർത്തകരുടേയോ കുടുംബങ്ങളിൽ മാത്രമല്ല ഈ ഭീതിയുള്ളത്. സർക്കാരിൽ സമുന്നത സ്ഥാനം വഹിക്കുന്നവരുടെ കുടുംബങ്ങളിലെ സ്ഥിതിയും വ്യത്യസ്തമല്ല. മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നീക്കങ്ങളുമായി മുന്നോട്ടുപോകുന്ന സബ്കളക്ടർ ശ്രീറാം വെങ്കിട്ടരാമനും കടുത്ത ഭീഷണിയാണ് നേരിടുന്നത്. ഭരണകക്ഷിയിൽപ്പെട്ട സ്ഥലം എം.എൽ.എയാണ് വീട്ടിലേക്ക് നാലുകാലിൽ ഇഴഞ്ഞു പോകേണ്ടിവരും എന്ന് പറഞ്ഞിരിക്കുന്നത്. അവിടെ നിന്നുള്ള എം.പിയും മന്ത്രിയും അതേ ഭീഷണി ആവർത്തിച്ചിട്ടുമുണ്ട്. എറണാകുളത്തെ വീട്ടിലിരുന്ന് സബ്കളക്ടറുടെ മാതാപിതാക്കൾ പറയുന്നു, 'ഞങ്ങൾക്ക് അവന്റെ കാര്യത്തിൽ ഭയമുണ്ട്.'

"ഊരിപ്പിടിച്ച കത്തികൾക്കും നിവർത്തിപ്പിടിച്ച വാളുകൾക്കും നടുവിലൂടെ തലശ്ശേരി ബ്രണ്ണൻ കോളേജിലെ പഠനക്കാലത്ത് ഞാൻ നടന്നുപോയിട്ടുണ്ട്" എന്ന് മംഗലാപുരത്ത് വച്ച് പ്രസംഗിച്ചത് എല്ലാവരും കേട്ടതാണ്. ഇത്തരം വീമ്പുപറച്ചിലുകൾ തമ്മനം ഷാജിക്കോ കൊടി സുനിക്കോ ചേരുന്നതാണെ

ന്നും ഒരു ഭരണാധികാരിക്ക് പറ്റിയതല്ലെന്നും അസംഖ്യം ഉപദേഷ്ടാക്കളിൽ ആരെങ്കിലും ഒരാൾ ഇയാളോട് ഉപദേശിക്കുമോ? 'ഇങ്ങനെ പോയാൽ പാർട്ടിയുണ്ടായിരിക്കും, ജനങ്ങളുണ്ടാവില്ല' എന്ന് ഉപദേശിച്ചത് അതേ കോളേജിലെ 'മികച്ച കലാലയ അദ്ധ്യാപക'നാണ് എന്നത് എല്ലാവരും മറന്നുപോകുന്നു.

'സർപ്പദംശനത്താൽ മൃതിപ്പെടും' എന്ന ശാപത്തെ ഭയന്ന് ഏകസ്തംഭത്തിൽ പണിതുയർത്തിയ മാളികയിൽ ഭയന്നുവിറച്ചിരിക്കുന്ന പരീക്ഷിത്ത് മഹാരാജാവിനെ ഓർമ്മിപ്പിക്കുന്നു മുഖ്യമന്ത്രിയുടെ പെരുമാറ്റങ്ങൾ. തന്റെ അധികാര കസേരയെ നശിപ്പിക്കാൻ വരുന്ന ചിതലുകളായാണ് ചുറ്റുമുള്ളവരെ മുഖ്യമന്ത്രി കാണുന്നത്. ചിതലുകൾ നിലമ്പൂർ വനത്തിൽ നിന്നും മാവോയിസ്റ്റുകളുടെ രൂപത്തിൽ വരും എന്ന് പേടിക്കുന്നു. മഹിജയെ കാണുമ്പോൾ ചിലമ്പെറിഞ്ഞുടച്ച് പുരം എരിയിച്ചു കളഞ്ഞ കണ്ണകിയെ ഓർമ്മിക്കുന്നു. പാപ്പാത്തിച്ചോലയിലെ കുരിശ് ഒടിഞ്ഞുവിഴുന്നത് കാണുമ്പോൾ വിമോചന സമരം ഓർമ്മവരുന്നു. സമരവീര്യത്തിന്റെ പാരമ്യത്തിൽ വച്ച് രക്തസാക്ഷിത്വം വരിച്ച് മറഞ്ഞുപോയവരുടെ ഓർമ്മകളെപ്പോലും പേടിക്കുകയാണ്. അല്ലെങ്കിൽ എന്തിനാണ്, 'വയനാട്ടിലെ കാടുകളിൽ കൊള്ളയും കൊലയും നടത്തിവന്നിരുന്ന കൊടും കുറ്റവാളിയാണ് വർഗ്ഗീസ്' എന്ന് 'അടിയോരുടെ പെരുമൻ' എന്ന് ജനങ്ങളാൽ വിളികൊണ്ട അതേ വർഗ്ഗീസിനെപ്പറ്റി ആഭ്യന്തര വകുപ്പ് ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകുന്നത്? സ്വസ്ഥമായി അൽപ്പനേരം കേസരയിൽ ഇരിക്കാൻ കഴിയാതെ അതിന് ചുറ്റും നടന്ന് കീടങ്ങളെ തുരത്താൻ HIT അടിച്ചുകൊണ്ടേയിരിക്കുന്നു. ഊരിപ്പിടിച്ച കത്തിക്കും വാളുകൾക്കും ഇടയിലൂടെ നടന്നത് വിളിച്ചുപറയേണ്ടിവരുന്നത് ആന്തരികമായ ഭയത്തെ ചെറുക്കാനാണ്. ഇല്ലാത്ത ശത്രുവിനെതിരെ ഇരുട്ടിൽ നിന്ന് ആയുധം വീശുന്ന ഡോൺ ക്വിക്സോട്ടിന്റെ മനോവിഭ്രാന്തിയാണ് മുഖ്യമന്ത്രിയെ ബാധിച്ചിരിക്കുന്നത്. ഇത്ര ഉന്നതപദവിയിൽ ഇരിക്കുമ്പോഴും കത്തിയും വാളും എന്നൊക്ക പറഞ്ഞുകൊണ്ടിരിക്കണമെങ്കിൽ, അതിന്റെ അർത്ഥം ഉള്ള് എത്ര പൊള്ളയാണെന്ന് സ്വയം ബോധ്യപ്പെട്ടിട്ടുണ്ടെന്നാണ്.

സംസ്ഥാന പോലീസിലെ ഇന്റലിജൻസ് മേധാവിയായ മുഹമ്മദ് യാസീൻ റവന്യൂ മന്ത്രിയുടെ ഓഫീസിൽ കയറിച്ചെന്ന് 'താങ്കളല്ലേ കൃഷി മന്ത്രി സുനിൽകുമാർ?' എന്ന് ചോദിച്ചത് വലിയ വാർത്തയായിരുന്നു. ഇത്തരം പോലീസ് പുത്തിയാണ്, മഹിജയ്ക്ക് മർദ്ദനമേറ്റതിനെ തുടർന്ന് തോക്ക് സ്വാമിയേയും പൊതുപ്രവർത്തകരായ ഷാജർഖാനേയും ഭാര്യ മിനിയേയും കെ.എം. ഷാജഹാനേയും ഗൂഢാലോചനാ കുറ്റം ചുമത്തി ജയിലിൽ അടച്ചത് എന്ന് ബോധ്യപ്പെടാത്ത ആരുമില്ല. കരുണാകരന്റെ ഭരണകാലത്ത്, വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടുനിന്നിരുന്ന സിറാജുന്നീസ എന്ന പതിനൊന്നുകാരി ബാലികയെ പോലീസ് വെടിവച്ചു കൊന്നതിനെതിരെ ജനരോഷം കത്തി നിൽക്കുമ്പോഴും അതിനെയൊന്നും കൂസാതെ 'സിറാജുന്നീസ പ്രകടനം നയിക്കുകയായിരുന്നു' എന്ന് റിപ്പോർട്ട് എഴുതിക്കൊടുക്കാൻ ധാർഷ്ട്യം കാണിച്ച ഒരു പോലീസ് ഓഫീസറെ മുഖ്യമന്ത്രിയുടെ ഉപദേശ സംഘത്തിലേക്ക് കൊണ്ടുവരാൻ ആലോചിക്കുന്നു എന്നാണ് കേൾക്കുന്നത്. ഗൂഢാലോചനാ തിയറി ഉണ്ടാക്കുന്നതിന്റെ ത്രിൽ അനുഭവിക്കാൻ ശമ്പളം പോലും വേണ്ടെന്ന് പറഞ്ഞ് പെട്ടിയും കിടക്കയുമായി അയാൾ പുറപ്പെട്ടു എന്നും കേൾക്കുന്നു.

ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ (ഡി.ജി.പി) കോലവുമായി എറണാകുളത്ത് വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പ്രകടനം നടത്തിയ കെ.എസ്.യുക്കാരുടെ കൈയിൽ നിന്ന് ബലമായി കോലം പിടിച്ചുവാങ്ങി നഗരത്തിലൂടെ ഓടിക്കളിച്ച പോലീസുകാരൻ അത് ചെയ്തത് കോലം തങ്ങളുടെ ഡി.ജി.പിയുടേതാണ് എന്ന് തെറ്റിദ്ധരിച്ചിട്ടായിരുന്നു. ഏത് പേക്കോലം കണ്ടാലും അത് തങ്ങളുടെ കോമാളി ഡി.ജി.പിയാണ് എന്ന് ഉറച്ചുവിശ്വസിക്കുന്നത് പോലീസുകാർ തന്നെയാണ് എന്ന അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുയാണ് 'പോലീസിന്റെ ആത്മവീര്യം കാത്തുസൂക്ഷിക്കുന്ന' പുതിയ മന്ത്രിസഭയുടെ പ്രവർത്തികൾ.

ഇത്തരം കാളീ–കൂളി പ്രകടനങ്ങളല്ല ഭരണം എന്നും ഏറ്റവും ചുരുങ്ങിയ പക്ഷം, അമ്മമാർക്ക് തങ്ങളുടെ മക്കളെ പ്രതി ഭയമില്ലാതെ ജീവിക്കാൻ കഴിയുന്ന അന്തരീക്ഷം നിലനിർത്തുകയാണ് ഒരു ഭരണാധികാരിയുടെ കടമ എന്നും സംസ്ഥാനം ഭരിക്കുന്നവർക്ക് ധാരണ വേണം. മഹിജയുടെ നിരാഹാര സമരം ചർച്ചയിലൂടെ അവസാനിപ്പിച്ച് കരാർ ഒപ്പുവച്ചതിന് ശേഷം 'സമരം കൊണ്ട് എന്ത് നേടി' എന്ന് പിറ്റേന്ന് ചോദിക്കുന്നത് ആത്മവഞ്ചനയും ജനവഞ്ചനയും ആണ് എന്ന ജനാധിപത്യബോധം സംസ്ഥാനം ഭരിക്കുന്നവർക്ക് ഉണ്ടായേപറ്റൂ. ഊരിപ്പിടിച്ച വാളിനും പിച്ചാത്തിക്കും ഇടയിലൂടെ നടക്കുന്നതല്ല, മഹിജയെപ്പോലുള്ള ഒരു പോരാളിയുടെ മുന്നിൽ ചെന്നുനിന്ന് അവരുടെ കണ്ണുകളിലേക്ക് നോക്കി നീതി ഉറപ്പാക്കുന്നതാണ് ഒരു ഭരണാധികാരിയുടെ ധീരത എന്ന് മുഖ്യമന്ത്രി കസേരയിൽ ഇരിക്കുന്ന വേന്തരന് എന്നെങ്കിലും മനസ്സിലാകുമോ? ■